"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.സ്പെഷ്യൽ-ബി4/195/2024-ജി.എ.ഡി
പൊതുഭരണ(സ്പെഷ്യൽ-ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01-03-2025

## പരിപത്രം

വിഷയം:- പൊതുഭരണ വകുപ്പ് - ഉദ്യോഗസ്ഥരുടെ നിയമനകാലയളവ് ക്രമീകരിക്കുന്നതിലെ സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- ഈ വകുപ്പിന്റെ 23/10/2024 തീയതിയിലെ സ്പെഷ്യൽ-ബി4/173/2024-ജി.എ.ഡി നമ്പർ പരിപത്രം.

അന്യത്രസേവനം/അവധി എന്നിവയ്ക്ക് ശേഷം പൊതുഭരണ വകുപ്പിൽ റിപ്പോർട്ട് ചെയ്യ ഉദ്യോഗസ്ഥർ നിയമനത്തിനായി കാത്തിരുന്ന കാലയളവ് ക്രമീകരിക്കുന്നതിലെ സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിനായി പൊതുഭരണ സെക്രട്ടറിയേറ്റിലെ അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ച് സൂചന പ്രകാരം പരിപത്രം പുറപ്പെടുവിച്ചിരുന്നു. അന്യത്രസേവനത്തിലിരിക്കുന്ന ഉദ്യോഗസ്ഥൻ അന്യത്ര സേവനം കഴിയുന്നതിനു 2 മാസം മുൻപായും അവധിയിലിരിക്കുന്ന ഉദ്യോഗസ്ഥൻ അവധി അവസാനിക്കുന്നതിനു 15 ദിവസം മുൻപായും ഭരണ വകുപ്പിനെ മുൻകൂട്ടി അറിയിക്കണമെന്ന് പ്രസ്തുത പരിപത്രത്തിൽ വ്യക്തമായി പരാമർശിച്ചിരുന്നു. മേൽനിർദ്ദേശം പുറപ്പെടുവിച്ചിട്ടും നിയമനകാലയളവ് ക്രമീകരിക്കേണ്ട ഇത്തരം കേസുകൾ വർദ്ധിച്ചു വരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.
മേൽസാഹചര്യത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു .

1. സൂചന പരിപത്രത്തിലെ നിർദ്ദേശങ്ങൾക്കനുസൃതമായി അന്യത്രസേവനം/അവധി എന്നിവയ്ക്ക് ശേഷം പൊതുഭരണ വകുപ്പിൽ മുൻകൂട്ടി റിപ്പോർട്ട് ചെയ്യുന്ന ഉദ്യോഗസ്ഥരുടെ നിയമനത്തിനുള്ള വേക്കൻസി നിർബന്ധമായും ഒഴിച്ചിടേണ്ടതും ഇക്കാര്യം പൊതുഭരണ വകുപ്പിലെ ജോയിന്റ് / അഡീഷണൽ സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതുമാണ്.
2.പ്രസ്തുത വിവരം മുൻകൂട്ടി അറിയിക്കാത്ത ഉദ്യോഗസ്ഥരുടെ നിയമനത്തിനായി കാത്തിരിക്കുന്ന കാലയളവ്, കേഡർ തസ്തികയിൽ ഒഴിവില്ലാത്ത പക്ഷം, ക്രെഡിറ്റിൽ അവശേഷിക്കുന്ന അർഹവും അനുവദനീയവുമായ അവധിയായി ക്രമീകരിക്കേണ്ടതാണ്.

കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം,
Signed by
Manu S
സെക്ഷൻ ഓഫീസർ.
Date: 01-03-2025 15:26:08

പൊതുഭരണ സെക്രട്ടറിയേറ്റിലെ അണ്ടർ സെക്രട്ടറി തലം മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥർക്ക്